കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

## 100 കേരള ഗാനങ്ങൾക്ക് ധനസഹായം: അപേക്ഷതീയതി നീട്ടി

കൊവിഡാനന്തര സാഹചര്യത്തിൽ കേരളത്തിലെ ഗാനരചയിതാക്കളെയും ഗായകരെയും സംഗീതസംവിധായകരെയും പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി 100 കേരള ഗാനങ്ങൾക്ക് കേരള സംഗീത നാടക അക്കാദമി 15,000/- രൂപ വീതം (ഓരോ വിഭാഗത്തിനും 5,000/- രൂപ വീതം) ധനസഹായം നൽകുന്നതിനുള്ള അപേക്ഷാതീയതി 2021 സെപ്റ്റംബർ 30 വരെ നീട്ടിയതായി അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി അറിയിച്ചു. കേരളീയ സംസ്കാരം പ്രതിപാദ്യ വിഷയമായ 100 ഗാനങ്ങൾ എഴുതി ചിട്ടപ്പെടുത്തി പാടുന്നതിനാണ് ഈ സഹായം. ഓർക്കെസ്ട്രയോടുകൂടിയോ അല്ലാതെയോ പാട്ട് റെക്കോർഡ് ചെയ്ത് സി.ഡി.യിലോ പെൻഡ്രൈവിലോ അക്കാദമിയിലേക്ക് അയക്കേണ്ടതാണ്. ഗാനങ്ങളുടെ ദൈർഘ്യം പത്തു മിനിറ്റിൽ കവിയരുത്. വെള്ളക്കടലാസിൽ സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഗായകൻ/ഗായിക, സംഗീത സംവിധായകൻ, ഗാനരചയിതാവ് എന്നിവരുടെ വിശദാംശങ്ങൾ കൂടി അയക്കേണ്ടതാണ്. |അപേക്ഷകൾ കേരള സംഗീത നാടക അക്കാദമിയിൽ നേരിട്ടോ തപാലിലോ അയക്കാവുന്നതാണ്.

വിലാസം: സെക്രട്ടറി
കേരള സംഗീത നാടക അക്കാദമി
ചെമ്പൂക്കാവ്,
തൃശ്ശൂർ - 680 020.
ഫോൺ : 0487 - 2332134